# മാനസാന്തരത്തിലെ
# ആത്മീയ രാസപ്രവർത്തനങ്ങൾ

**ഡോ. കെ. കെ. മാത്യു**

ദേശീയതലത്തിലും രാജ്യാന്തരതലത്തിലും പുരസ്ക്കാരങ്ങൾ ലഭിച്ചിട്ടുള്ള ഡോ.കെ.കെ. മാത്യു പ്രശസ്തനായ ഭിഷഗ്വരനും, അറിയപ്പെടുന്ന നോവലിസ്റ്റും, കവിയും കഥാകാരനും, ആത്മീയചിന്തകനും, എഴുത്തുകാരനും, പ്രഭാഷകനുമാണ്. *എന്റെ സഖി, റ്റാറ്റാ, നീലഗന്ധികൾ, ദർശനം, അനർഘം* എന്നീ നോവലുകളും *To My Love and To My Sorrow, Jasmine and Mourning of a Soul, Light in Darkness, Heaven on Earth, The Voyage* എന്നീ ഇംഗ്ലീഷ് കവിതാ സമാഹാരങ്ങളും, *മഴ ദൈവങ്ങൾ, ആറാമിന്ദ്രിയം* എന്നീ കഥാസമാഹാരങ്ങളും *കുരിശിന്റെ തണലിൽ, ആത്മാവിന്റെ സ്നേഹഗീത, യേശുവിൽ ആത്മസാക്ഷാത്കാരം* എന്നീ ധ്യാനഗ്രന്ഥങ്ങളും, *Mind and Peace, Doctor's Witness to the Mystery of God, Spiritual Medicine A Doctors's Confessions, Healing of the Soul, Love beyond the Stars* എന്നീ ഇംഗ്ലീഷ് ഗ്രന്ഥങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഭാര്യ : ഡോ. എലിസബത്ത് മാത്യു
മക്കൾ : ഡോ. അവിനാശ് കോശി മാത്യു,
അനൂപ് കെ. മാത്യു
വിലാസം : പ്രതീക്ഷ, കെ. പി. റോഡ്, കായംകുളം
പിൻ–690 502
ഫോൺ : 0479–2445976
e-mail : drkkmathew@gmail.com

# മാനസാന്തരത്തിലെ
# ആത്മീയ രാസപ്രവർത്തനങ്ങൾ

**ഡോ. കെ. കെ. മാത്യു**

**സി.എസ്.എസ്. ബുക്ക്ഷോപ്പ്**
തിരുവല്ല

(Malayalam)

MANASANTHARATHILE
ATHMEEYA RASAPRAVARTHANANGAL

Author: Dr. K.K. Mathew

© Reserved

Frist Impression: August 2013

Cover: Global, Thiruvalla

Page Layout: Perfect Computer Graphics, Thiruvalla

Printed at Alois Graphics, Kottayam

Published by Author

Distributed by C.S.S. BOOKSHOP, KURISUKAVALA, THIRUVALLA - 1

Tel. 0469-2630389, 2634936

email: csspublications@dataone.in

Price Rs.40/-

CN 50713

# ഉള്ളടക്കം


1. രക്ഷയുടെ വാതിൽ - *9*
2. കഷ്ടതയുടെ പ്രസക്തി - *13*
3. രക്ഷയുടെ അടിസ്ഥാനം - *15*
4. ആത്മീയ രാസപ്രവർത്തനങ്ങളുടെ ഒന്നാം ഘട്ടം - *19*
5. രണ്ടാം ഘട്ടം - *21*
6. മൂന്നാം ഘട്ടം - *23*
7. നാലാം ഘട്ടം - *25*
8. അഞ്ചാം ഘട്ടം - *29*
9. ആറാം ഘട്ടം - *33*
10. ഏഴാം ഘട്ടം - *35*
11. എട്ടാം ഘട്ടം - *37*
12. ഒമ്പതാം ഘട്ടം - *39*
13. പത്താം ഘട്ടം - *41*
14. പുതിയ സൃഷ്ടി - *43*

**എന്റെ ചെറുമകൻ യോഹാന്...**



# രക്ഷയുടെ വാതിൽ

രക്ഷയുടെ അനുഭവം അഥവാ രക്ഷിക്കപ്പെടുക എന്നത് ക്രിസ്തീയ ജീവിതത്തിന്റെ മുഖമുദ്രയാണ്. രക്ഷിക്കപ്പെടാത്ത ക്രിസ്ത്യാനിയുടെ ജീവിതം നിർജ്ജീവമാണ്. അത് വെള്ളം കിട്ടാതെ അമിത ചൂടിൽ വെടിച്ചുകീറി കിടക്കുന്ന ചതുപ്പുനിലത്തോടു തുല്യം. ആ പ്രദേശത്ത് ഒന്നും വളരുകയില്ല. എന്നാൽ രക്ഷയുടെ വാതിലിൽ കൂടി അകത്തുകടക്കുന്ന വ്യക്തി, രക്ഷയുടെ പാതയിലൂടെ കടന്നുപോകുന്ന വ്യക്തി ആറ്റുതീരത്ത് തഴച്ചു വളരുന്ന, സമൃദ്ധിയായി ഫലം കായ്ക്കുന്ന ഫലവൃക്ഷത്തോടു തുല്യം. അതിന്റെ വിളവ് നൂറും ആയിരവും മേനിയുമാണ്.

"പൈതൽ വളർന്നു ജ്ഞാനം നിറഞ്ഞു. ആത്മാവിൽ ബലപ്പെട്ടു പോന്നു. ദൈവകൃപയും അവന്റെ മേൽ ഉണ്ടായിരുന്നു" (ലൂക്കോസ് 2:40) യുവജനങ്ങളുടെ മാതൃകാപുരുഷൻ യേശു എന്ന യുവാവാണ്. എന്താണ് യേശു എന്ന യുവാവിന്റെ പ്രത്യേകത? അത് ആത്മാവിൽ ബലപ്പെട്ടു എന്നതാണ്. അപ്പോൾ എന്തു സംഭവിച്ചു? ജ്ഞാനം കൊണ്ടു നിറഞ്ഞു. ദൈവകൃപ അവന്റെ മേൽ ചൊരിഞ്ഞു. ദൈവത്തിന്റെ മുമ്പിൽ മൂല്യം ഉള്ളത് ഒന്നുമാത്രമേ ഉള്ളൂ. അതായത് ആത്മീയ വർദ്ധന അഥവാ ആത്മീയമായ ബലപ്പെടുത്തൽ. അപ്പോൾ ആത്മീയമായി ബലപ്പെടുന്ന വ്യക്തിയുടെ സമ്പാദ്യം എന്താണ്? അത് ദൈവകൃപ മാത്രമാണ്.

എന്താണ് ആത്മീയത? മനുഷ്യന് രണ്ടു ഭാഗങ്ങൾ ഉണ്ട്. ആത്മാവും ശരീരവും. ശരീരവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഈ ലോകവും ലോകത്തിലുള്ളതുമായ കാര്യങ്ങളാണ്. അവയോടുള്ള അമിതമായ ആസക്തികൾ. ഇവയിൽ മുഴുകി, ഇവയാൽ നിയന്ത്രിക്കപ്പെട്ട ജീവിതമാണ് ലൗകികത. എന്നാൽ മനുഷ്യന്റെ ഉള്ളിന്റെ ഉള്ളറയിൽ

മറഞ്ഞുകിടക്കുന്ന ആത്മാവിനെ കണ്ടെത്തി അതിനാൽ പൂർണ്ണമായി നിയന്ത്രിക്കപ്പെടുന്ന ജീവിതമാണ് ആത്മീയ ത. ഈ ആത്മീയത ദിനംപ്രതി ബലപ്പെട്ടുകൊണ്ടിരിക്കണം, വർദ്ധിച്ചുകൊണ്ടിരിക്കണം. വളർന്ന് അത് ഈ ലോക ജീവിതത്തിൽ തന്നെ പൂർണ്ണതയിൽ എത്തുന്നു. പൂർണ്ണ തയിൽ എത്തിയ ജീവിതം നിത്യതയുടെ ആരംഭമാണ്. അതിന് അവസാനമില്ല. അതായത് ആത്മീയ പൂർണ്ണത യിൽ എത്തിയ വ്യക്തി നിത്യജീവന്റെ ഉടമയാണ്. വേദ നയും യാതനയും ഇല്ലാത്ത ലോകത്തിന്റെ ഉടമ. ഈ ലോകത്തോടും ലോകത്തിലുള്ള സർവ്വതിനോടുമുള്ള ആസക്തി പൂർണ്ണമായി മാറ്റപ്പെട്ട ഒരു ജീവിതം. ദൈവ ത്തോടു ചേർന്ന് എപ്പോഴും ജീവിക്കുക! ദൈവത്താൽ പൂർണ്ണമായി നിയന്ത്രിക്കപ്പെട്ട ജീവിതം!. നിത്യസന്തോ ഷത്തിന്റെയും നിത്യസമാധാനത്തിന്റെയും ഉടമ!. ജീവി താന്ത്യം വരെ നിർജ്ജീവമായ ലോകത്തെ പടവെട്ടിപിടി ക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന ലൗകികന് കണികാണാൻ കഴിയാത്തതാണ് ഈ ജീവിതം.

ആത്മീയ വളർച്ച പ്രാപിച്ച വ്യക്തിയോട് ദൈവം പറയും "വിശ്വസ്തനായ ദാസനെ ഞാൻ നിന്നിൽ പ്രസാ ദിക്കുന്നു. ലോകത്തിന്റെ പിടിയിൽ മാത്രം ജീവിക്കുന്നവ നോട് ദൈവം പറയുന്നു." "അവിശ്വസ്തനായവനെ ഞാൻ നിന്നെ തിരസ്ക്കരിക്കുന്നു."

രക്ഷയുടെ വാതിലിനെക്കുറിച്ചും, രക്ഷയുടെ പാതയെ ക്കുറിച്ചും ചിന്തിക്കുമ്പോൾ നാം അതിന്റെ അടിസ്ഥാന ത്തിലേക്ക്, ചരിത്രത്തിലേക്ക് പോകണം. ദൈവം മനു ഷ്യനെ സ്വന്തം രൂപത്തിലും സാദൃശ്യത്തിലുമാണ് സൃഷ്ടി ച്ചത്. എന്തിനാണ് മനുഷ്യനെ സൃഷ്ടിച്ചത്? അത് ദൈവ സ്നേഹം പങ്കിടാൻ വേണ്ടി. മനുഷ്യൻ ദൈവത്താൽ നിയ ന്ത്രിക്കപ്പെട്ട്, ദൈവത്തിന്റെ സന്തത സഹചാരിയായി ജീവി ക്കുവാൻ വേണ്ടി മാത്രം. ഇതിൽ നിന്നും, എന്തുമാത്രം പ്രാധാന്യം ദൈവം മനുഷ്യന് കൊടുത്തു എന്ന് മനസ്സി ലാക്കാം. എന്നാൽ മനുഷ്യൻ ദൈവ സവിധത്തിൽ നിന്ന് തെന്നിമാറി ലോകത്തിന്റെ പിടിയിൽ അമർന്നു. മനുഷ്യന്റെ ഈ നന്ദികേട് ദൈവത്തെ വളരെ അധികം ദുഃഖിപ്പിച്ചു.

നിത്യന്യായാധിപനായ ദൈവം മനുഷ്യന് ഒരു ശിക്ഷ കൊടുത്തു. അവനെ ഒരു പടി താഴ്ത്തി മനുഷ്യനാക്കി മാറ്റി. ഈ ശിക്ഷയാണ് ഇന്നത്തെ സകല കഷ്ടതകൾക്കും കാരണം. തന്നിൽ നിന്ന് അകന്ന് ലോകത്തിന്റെ പിടിയി ലമർന്ന മനുഷ്യനെ സ്വീകരിക്കാൻ രണ്ടുകൈയും നീട്ടി

നിൽക്കുന്ന ദൈവത്തെയാണ് നാം പിന്നീട് കാണുന്നത്. എന്നാൽ മനുഷ്യൻ തെറ്റിൽ നിന്ന് തെറ്റിലേക്ക് പ്രയാണം ചെയ്തു. സാമദേദ ദണ്ഡപ്രയോഗങ്ങൾകൊണ്ട് ദൈവം തന്നിലേക്ക് മനുഷ്യനെ അടുപ്പിക്കാൻ ശ്രമിച്ചിട്ടും ഫലം കണ്ടില്ല. ഇതിൽ ദുഃഖിതനായി കണ്ണീർ പൊഴിക്കുന്ന ദൈവത്തെയാണ് പിന്നീട് നാം ദർശിക്കുന്നത്.

മനുഷ്യന്റെ ഈ ക്രൂരതയ്ക്കും നന്ദികേടിനും ഉള്ള ശിക്ഷ ഒന്നുമാത്രമേയുള്ളൂ അത് നിത്യനാശം തന്നെ. അതായത് നരകമായ തീകുണ്ഡത്തിൽ കിടന്ന് വെന്തുനീറി ഇഞ്ചിഞ്ചായി കത്തിയമരുക! പക്ഷേ ദൈവത്തിന് അതിന് കഴിയുകയില്ല. കാരണം ദൈവം സ്നേഹമാണ്. ദൈവം നന്ദികെട്ടവനും നീചനുമായ മനുഷ്യനുള്ള ശിക്ഷ സ്വയം ഏറ്റുവാങ്ങി, അവനെ ക്രിസ്തുവിലൂടെ വീണ്ടെടുത്ത്, രക്ഷയുടെ വാതിൽക്കൽ കൊണ്ടെത്തിച്ചു. ഇനി മനുഷ്യന് ഒരു കടമ മാത്രമേയുള്ളൂ. ക്രിസ്തുവിൽക്കൂടി, കുരിശിന്റെ അനുഭവത്തിൽക്കൂടി രക്ഷയുടെ പാതകടന്ന് വീണ്ടും ഏദൻ തോട്ടത്തിലെ അനുഭവത്തിൽ ചെന്നെത്തുക.



# കഷ്ടതയുടെ പ്രസക്തി

കഷ്ടതയിൽക്കൂടി മാത്രമേ, കുരിശിന്റെ അനുഭവത്തിൽ ക്കൂടി മാത്രമേ, ക്രിസ്ത്യാനി രക്ഷയുടെ അനുഭവത്തിൽ എത്തുകയുള്ളൂ. അതായത് രക്ഷയുടെ പാതയിൽക്കൂടി കടക്കുന്നവന് യേശുകർത്താവ് അനുഭവിച്ച മാനസികവും ശാരീരികവുമായ കഷ്ടതകളുടെയും, യാതനകളുടെയും, പീഡനങ്ങളുടെയും വളരെ ചെറിയ ഒരു അംശം അനുഭ വിക്കണം. ഇത് കുരിശിൽക്കൂടിയുള്ള ഒരു ശുദ്ധീകരണ പ്രക്രിയയാണ്. "ഒരുവൻ എന്നെ അനുഗമിക്കാൻ ഇച്ഛി ച്ചാൽ അവൻ തന്നെത്താൻ ത്യജിച്ച് എന്റെ ക്രൂശ് എടു ത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ"(മാർക്കോസ് 8:34). "തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്റെ പിന്നാലെ വരാത്ത വനും എന്റെ ശിഷ്യനായിരിപ്പാൻ കഴിയുകയില്ല" (ലൂക്കോസ് 14:27).

ഏദൻ തോട്ടത്തിൽ ലഭിച്ച ശിക്ഷയിൽ നിന്ന് ഉത്ഭ വിച്ച കഷ്ടതകളുടെ ആകെത്തുക നാഥനായ ക്രിസ്തു ഏറ്റെടുത്തു. ക്രിസ്തു ഏറ്റെടുത്ത കഷ്ടതകളുടെ ഒരു ചെറിയ അംശം നാം ഏറ്റെടുക്കുന്നത് ഒരു വരമാണ്. "ക്രിസ്തുവിൽ വിശ്വസിപ്പാൻ മാത്രമല്ല അവനുവേണ്ടി കഷ്ടം അനുഭവിപ്പാനും കൂടെ നിങ്ങൾക്കു വരം നൽകി യിരിക്കുന്നു"(ഫിലിപ്പിയർ 1:29). ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം ഈ കഷ്ടതകൾ മഹത്വമേറിയ താണ് ഈ കഷ്ടതയിൽക്കൂടിയാണ് അയാൾ രൂപാന്തര ത്തിന്റെ അനുഭവത്തിലും രക്ഷയുടെ പാതയിലും എത്തു ന്നത്.

നാം വേറൊരു കോണിൽക്കൂടിനോക്കിയാൽ മനു ഷ്യന്റെ സർവ്വ ദുഃഖങ്ങളുടേയും കഷ്ടതകളുടെയും

കാരണം മനുഷ്യമനസ്സിൽ കലർന്ന മാലിന്യങ്ങളാണ്. ഇതെല്ലാം ലൗകിക മോഹങ്ങളാണ്. ഈ മാലിന്യങ്ങൾ കുരിശിന്റെ അനുഭവത്തിൽക്കൂടി ഖനനം ചെയ്ത് മാറ്റപ്പെടണം. എങ്കിൽ മാത്രമേ രക്ഷയുടെ പാതയുടെ അന്ത്യത്തിൽ എത്താൻ കഴിയുകയുള്ളൂ.

# രക്ഷയുടെ അടിസ്ഥാനം

രക്ഷയുടെ അടിസ്ഥാനം മാനസാന്തരവും ക്രിസ്തുവിലുള്ള വിശ്വാസവുമാണ്. പൂർണ്ണമായ മാനസാന്തരം രക്ഷയുടെ അനുഭവത്തിലേക്ക് നയിക്കുന്നു. മാനസാന്തരമാണ് ലോകത്തിലെ ഏറ്റവും വലിയ സംഭവം. യേശുകർത്താവ് പരസ്യ ശുശ്രൂഷയിൽ ആദ്യമായി പ്രസംഗിച്ചത് മാനസാന്തരത്തെക്കുറിച്ചാണ്. "കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു, മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിപ്പിൻ (മാർക്കോസ് 1:15 )". സ്നാപകയോഹന്നാനും ആദ്യമായി പറഞ്ഞതും മാനസാന്തരത്തെക്കുറിച്ചാണ്. "സ്വർഗ്ഗരാജ്യം സമീപിക്കയാൽ മാനസാന്തരപ്പെടുവിൻ (മത്തായി 3:2)". മാനസാന്തരത്തിൽക്കൂടി ഒരുവൻ പുതിയ സൃഷ്ടിയായിത്തീരുന്നു. "ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു; പഴയതുകഴിഞ്ഞുപോയി, ഇതാ, അതു പുതുതായിത്തീർന്നിരിക്കുന്നു (2 കെരിന്ത്യർ 5:17)."

തെറ്റിൽ നിന്ന് മോചനം ലഭിക്കുക എന്നത് ഒരു ദുഷ്കരമായ പ്രക്രിയയാണ്. ക്രിസ്തുവിൽക്കൂടി മാത്രമേ രക്ഷ സാധ്യമാവുകയുള്ളൂ. തെറ്റിനെ തെറ്റായി തിരിച്ചറിഞ്ഞ് തെറ്റുചെയ്തതിലുള്ള പ്രായ്ശ്ചിത്തം ഹൃദയപൂർവ്വം നടത്തി നേരായ വഴിയിലേക്ക് വരാനുള്ള പരിശ്രമമാണ് പൂർണ്ണമായ മാനസാന്തരത്തിൽ ചെന്നുചേരുന്നത്. ഇതാണ് ദൈവം മനുഷ്യനിൽ നിന്ന് ആഗ്രഹിക്കുന്നത്. മനുഷ്യന്റെ മാനസാന്തരത്തിനുവേണ്ടി സദാ കാംക്ഷിക്കുന്ന ഒരു ദൈവമാണ് നമ്മുടെ മുമ്പിൽ ഉള്ളത്. ഈ ലോകത്തിനോടും ലോകത്തിലുള്ളതിനോടും ഉള്ള മോഹത്തെ, ആസക്തിയെ, നിർവീര്യമാക്കി യേശുകർത്താവാണ് എല്ലാറ്റിലും വലുതെന്ന ബോധം സൃഷ്ടിച്ചെടുക്കുകയാണ് മാനസാന്തരത്തിലൂടെ സാധിച്ചെടുക്കുന്നത്. അപ്പോഴാണ്



യേശുകർത്താവിന് ക്രിസ്ത്യാനിയുടെ ഹൃദയത്തിന്റെ ഉള്ളറയിൽ വാസസ്ഥലം ഒരുക്കാനും നാഥനെ രക്ഷകനായി സ്വീകരിക്കാനും, അംഗീകരിക്കാനും കഴിയുന്നത്.

മാനസാന്തരം എന്ന വാക്കിന് അപ്പുറം, മാനസാന്തരം എന്ന പ്രക്രിയയിൽ ഒരു വ്യക്തിക്ക് എന്തെല്ലാം രൂപഭേദങ്ങൾ ഉണ്ടാകുന്നുവെന്ന് വിശുദ്ധ വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. മാനസാന്തരത്തിന് കൂടുതൽ വ്യക്തത നൽകുന്നത് വിശുദ്ധപൌലൊസ് അപ്പൊസ്തലനാണ്. "ഞാൻ ക്രിസ്തുവിനോടുകൂടി ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നു"(ഗലാത്യർ 3:20). "കഷ്ടത സഹിഷ്ണതയേയും, സഹിഷ്ണത സിദ്ധതയേയും, സിദ്ധത പ്രത്യാശയേയും ഉളവാക്കുന്നു എന്നു അറിഞ്ഞ് നാം കഷ്ടതയിലും പ്രശംസിക്കുന്നു (റോമർ 5:3)."

മാനസാന്തരത്തിൽ സംഭവിക്കുന്നത് യഥാർത്ഥത്തിൽ ആത്മീയ രാസപ്രവർത്തനങ്ങളാണ്. എനിക്ക് ദൈവം വെളിപ്പെടുത്തിതന്ന ചില ആത്മീയ സത്യങ്ങൾ ഞാൻ താഴെ വിശദീകരിക്കുന്നു. മാനസാന്തരത്തിലെ ആത്മീയ രാസപ്രവർത്തനങ്ങളിൽ, അഥവാ രക്ഷയുടെ പാതയിലൂടെയുള്ള യാത്രയിൽ പത്തു ഘട്ടങ്ങളാണ് ഉള്ളത്. അത് എന്തെല്ലാം എന്ന് നമുക്ക് പരിശോധിക്കാം.



# ആത്മീയ രാസപ്രവർത്തനങ്ങളുടെ ഒന്നാംഘട്ടം

ക്രിസ്ത്യാനി കഷ്ടതയിൽ മുങ്ങിത്താഴുമ്പോൾ, നിരാശയുടെ പടുകുഴിയിൽ വീഴുമ്പോൾ, സർവ്വതും നഷ്ടപ്പെട്ടെന്ന് ചിന്തിക്കുമ്പോൾ, ക്രിസ്തുവിന്റെ ഒരു സാന്ത്വന സ്പർശം അനുഭവപ്പെടുന്നു. രക്ഷയുടെ വാതിലിൽക്കൂടി കടക്കുന്നവന് ഈ സ്പർശം തീർച്ചയായുമുള്ള ഒരു ഉറപ്പാണ്. ഒട്ടും നിനച്ചിരിക്കാത്ത സമയത്തായിരിക്കും ഇത് സംഭവിക്കുന്നത്. വളരെ അപ്രതീക്ഷിതമാണ്. അഗ്നികുണ്ഡത്തിൽ പതിച്ച് കത്തിയെരിയുമ്പോൾ തണുത്ത ഒരു തുള്ളി വെള്ളം വീഴുന്നു!. എന്തൊരാശ്വാസം!. വെള്ളത്തിൽ മുങ്ങിത്താഴുമ്പോൾ കയറിപ്പിടിക്കാൻ ഒരു കച്ചിത്തുരുമ്പ്!. ഇത് ക്രിസ്തുവിന്റെ അദൃശ്യകരങ്ങളാണ് (Incredible hands). ഇത് ക്രിസിത്യാനിയിൽ ഒരു ഉൾബോധം സൃഷ്ടിക്കുന്നു. ക്രിസ്തു തനിക്ക് സമീപസ്ഥനാണ് എന്ന്. ഈ ഉൾബോധമാണ് ഒന്നാം ഘട്ടം.

എന്റെ ജീവിതത്തിൽ വർഷങ്ങൾക്ക് മുമ്പ് നടന്ന ഒരു സംഭവം വിവരിക്കാം. ഞാനും എന്റെ ഭാര്യയും കാറിൽ കായംകുളം ഇൻഡ്യൻ മെഡിക്കൽ അസോസിയേഷന്റെ മീറ്റിങ്ങ് കഴിഞ്ഞ് രാത്രിയിൽ പത്തുമണിക്കുശേഷം തിരിച്ചുവരികയായിരുന്നു. ഞങ്ങൾക്കു വഴിതെറ്റി. ചെറുതായി മഴപെയ്യുന്നുണ്ടായിരുന്നു. അപരിചിതമായ സ്ഥലത്തുകൂടി ഞങ്ങൾ കുറെ ചുറ്റിക്കറങ്ങി. നല്ല ഇരുട്ടായിരുന്നതുകൊണ്ട് റോഡിന്റെ വശങ്ങൾ കാണാൻ കഴികയില്ലായിരുന്നു. എതിരെ കുറെ കാറുകൾ വരുന്നുണ്ടായിരുന്നു. ഞങ്ങളുടെ കാറ് ഇടത്തോട്ട് മാറ്റി എതിരെ വരുന്ന കാറുകൾക്ക് സൈഡ് കൊടുത്തു. ഉടനെ ഒരു അലർച്ചകേട്ടു. “കാറ് നിർത്ത് പുറകോട്ട് റിവേഴ്സ് എടുക്ക്.” കാറ് റിവേഴ്സ് എടുത്ത് കുറെ ദൂരം പോയി. ഒരു പുതിയ വഴിയിലെത്തി.

ഇരുട്ടിൽ എതിരെ വന്ന കാറിൽ നിന്ന് ഞങ്ങളെ നിയന്ത്രിച്ചത് കായംകുളത്തെ ചിത്രാ ഹോസ്പിറ്റലിന്റെ ഉടമ ഡോ.അജിത് ആയിരുന്നു. ഏതാനും ഇഞ്ചുകൾക്കൂടി ഞങ്ങൾ മുമ്പിലേക്ക് പോയിരുന്നെങ്കിൽ ഞങ്ങളുടെ കാറ് കായംകുളം കായലിൽ പതിക്കുമായിരുന്നു. ഇതാണ് യേശുവിന്റെ അദൃശ്യകരങ്ങൾ.

## രണ്ടാം ഘട്ടം

ക്രിസ്ത്യാനിക്ക് വീണ്ടും വീണ്ടും മുമ്പിലുള്ള കഷ്ടതകളിൽക്കൂടികടക്കുമ്പോൾ, 'ക്രിസ്തു തനിക്ക് സമീപസ്ഥൻ' എന്ന ആ ഉൾബോധം വർദ്ധിക്കുന്നു. കഷ്ടതകളുടെ ഒരു നീണ്ട പരമ്പര തന്നെ അയാൾക്ക് നേരിടേണ്ടതായി വന്നേക്കാം. അപ്പോൾ, 'ക്രിസ്തു തനിക്ക് സമീപസ്ഥൻ' എന്ന ഉൾബോധം ബലപ്പെട്ട് ഒരു പുതിയ ശക്തിയുടെ ഉദയം കുറിക്കുന്നു. ഒരു ശക്തിയുടെ കണിക രൂപപ്പെടുന്നു. എന്താണ് ആ ശക്തി ?. അത് വിശ്വാസമാണ്. ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ നാമ്പ് ഇവിടെ വളരാൻ തുടങ്ങുന്നു. ഇത് ഒരു ആരംഭം മാത്രമാണ്. ഇതാണ് രണ്ടാം ഘട്ടം.

കുറെ വർഷങ്ങൾക്കു മുമ്പു നടന്ന ഒരു സംഭവം വിവരിക്കാം. എന്റെ അടുത്ത ഒരു ബന്ധുവിന്റെ രക്തം ഒരു ചെറിയ ശസ്ത്രക്രിയയ്ക്കുവേണ്ടി പരിശോധനയ്ക്കു ഒരു ലബോറട്ടറിയിൽ കൊടുത്തു. രക്തം കൊടുത്തതിനുശേഷം ബന്ധു ദൂരെ ഒരു സ്ഥലത്ത് യാത്രയായി. വൈകിട്ട് ലബോറട്ടറിയിൽ വിളിച്ച് ചോദിച്ചപ്പോൾ കിട്ടിയ ഉത്തരം ഇതാണ്. "AIDS ന്റെ (HIV)ടെസ്റ്റ് പോസിറ്റീവ് ആയി കിട്ടുന്നു. രക്തം ഞങ്ങൾ, വീണ്ടും ടെസ്റ്റ് ആവർത്തിക്കാനും, കൂടിയ ടെസ്റ്റ് ചെയ്യാനും വേണ്ടി എറണാകുളത്തേയ്ക്ക് അയച്ചിരിക്കുകയാണ്."എന്റെ ഹൃദയത്തിലേക്ക് ഒരു ഇടിമിന്നലാണ് കടന്നുപോയത്. ഞാൻ നിർജീവമായി കുറെ നേരം ഇരുന്നു. അന്നു രാത്രി ജീവിതത്തിലെ വൈഷമ്യമേറിയ ഒരു ദിവസമായിരുന്നു. എന്നാൽ ദുഃഖത്തെ പിടിച്ചുനിർത്താൻ എനിക്ക് കഴിഞ്ഞു. കാരണം ക്രിസ്തു എനിക്ക് സമീപസ്ഥൻ എന്ന ഉൾബോധം തന്നെ. രാത്രിയിൽ മുഴുവനും ഞാൻ നാഥന്റെ കരസ്പർശം അനുഭവിച്ചു. പിറ്റേ ദിവസം ഉച്ചവരെ ആ സ്പർശം എന്നെ പിടിച്ചു നിർത്തി.

ഉച്ചയ്ക്ക് വിവരം ലഭിച്ചു-“HIV negative” ആണെന്ന്- ആദ്യം പരിശോധിച്ച ലബോറട്ടറിയിലെ ടെസ്റ്റിന്റെ റിയേജന്റിന്റെ കുഴപ്പം കൊണ്ടാണ് അബദ്ധമായ റിസൽറ്റ് വന്നതെന്ന്.'' 'ക്രിസ്തു എനിക്ക് സമീപസ്ഥൻ' എന്ന ഉൾബോധം തകർന്നുപോകാതെ ഒരു ദിവസം മുഴുവൻ എന്നെ കാത്തുസൂക്ഷിച്ചു.

## മൂന്നാം ഘട്ടം

വിശ്വാസത്തിന്റെ കണിക രൂപപ്പെടുമ്പോൾ ക്രിസ്ത്യാനിയുടെ ഹൃദയത്തിന്, മനസ്സിന് ഒരു മാറ്റം ഉണ്ടാകുന്നു. അതായത് മനസ്സിന്റെ കാഠിന്യം കുറയാൻ തുടങ്ങുന്നു. ഒരു അയവ് സംഭവിക്കാൻ തുടങ്ങുന്നു. വീണ്ടും വീണ്ടും കഷ്ടതകൾ സഹിക്കുമ്പോൾ മനസ്സിന്റെ ഈ അയവ് വർദ്ധിക്കുന്നു.

വർഷങ്ങൾക്ക് മുമ്പ് നടന്ന ഒരു സംഭവം ഞാൻ ഓർക്കുന്നു. വെല്ലൂർ മെഡിക്കൽ കോളേജിലെ എം.ഡി. ജനറൽ മെഡിസിന്റെ അഡ്മിഷൻ നടക്കുന്ന സമയം. അവിടെ എം.ഡി. ജനറൽ മെഡിസിന് നാലുസീറ്റാണുള്ളത്. റിസൽറ്റ് വന്നപ്പോൾ ഞാൻ അഞ്ചാമതായിട്ടാണ് തിരഞ്ഞെടുക്കപ്പെട്ടത്. ഇതിനു മുമ്പ് എനിക്ക് ഇങ്ങനെയുള്ള ദുഃഖകരമായ അനുഭവങ്ങളെ അഭിമുഖീകരിക്കാനുള്ള ശക്തിയില്ലായിരുന്നു. എന്റെ മനസ്സിന്റെ പിരിമുറുക്കം എന്നെ കീഴ്പ്പെടുത്തുമായിരുന്നു. അതുപോലെ ഇപ്പഴും സംഭവിക്കുമെന്ന് ഞാൻ ചിന്തിച്ചു. എന്നാൽ അത്ഭുതമെന്നു പറയട്ടെ എന്റെ മനസ്സിന് പിരിമുറുക്കം അനുഭവപ്പെട്ടില്ല. മനസ്സിന് അതുവരെ സംഭവിക്കാത്ത ഒരു അയവ് എനിക്ക് ആദ്യമായി അനുഭവപ്പെട്ടു. സുസ്മേരവദനനായി ഞാൻ ആ പ്രശ്നത്തെ നേരിട്ടു.



# നാലാം ഘട്ടം

കഷ്ടതകളുടെ പരമ്പരകളിൽക്കൂടി കടക്കുമ്പോൾ മനസ്സിന്റെ അയവ് വർദ്ധിക്കുന്നു. മനസ്സിനെ ദിശകൾ മാറ്റി ചലിപ്പിക്കാൻ കഴിയുന്നു. നേരത്തെ ഇതിന് സാദ്ധ്യമല്ലായിരുന്നു. അന്ന് ഇതിന് തുനിയുമ്പോൾ ശരീരം തളരുമായിരുന്നു.

മനസ്സിന്റെ, ഹൃദയത്തിന്റെ, കാഠിന്യത്തിനു കാരണം ഈ ലോകത്തോടും ലോകത്തിനുള്ളതിനോടുള്ള ആസക്തിയായിരുന്നു. "ഞാൻ നിങ്ങൾക്ക് പുതിയൊരു ഹൃദയം തരും, പുതിയൊരു ആത്മാവിനെ നിങ്ങളുടെ ഉള്ളിലാക്കും. കല്ലായ ഹൃദയം ഞാൻ നിങ്ങളുടെ ജഡത്തിൽ നിന്ന് നീക്കി മാംസളമായ ഹൃദയം നിങ്ങൾക്ക് തരും (യെഹസ്ക്കേൽ 36: 26)." ഈ അയവാണ് 'സഹനം' അഥവാ 'സഹിഷ്ണത'. ഈ സഹനം യേശുകർത്താവ് മാനസികവും ശാരീരികവുമായ പീഡനത്തിൽ വഹിച്ച സഹനത്തിന്റെ ഒരു ചെറിയ അംശം മാത്രമാണ്. "തന്നെത്താൻ താഴ്ത്തിയ വാ തുറക്കാതിരുന്നിട്ടും അവൻ പീഡിപ്പിക്കപ്പെട്ടു, കൊല്ലുവാൻ പോകുന്ന കുഞ്ഞാടിനെപ്പോലെയും, രോമം കത്രിക്കുന്നവരുടെ മുമ്പിൽ മിണ്ടാതിരിക്കുന്ന ആടിനെപ്പോലെയും അവൻ വായ് തുറക്കാതിരുന്നു. അവൻ പിഡനത്താലും ശിക്ഷ വിധിയായും എടുക്കപ്പെട്ടു"(യശയ്യാവ് 53:7).

സഹനം ക്രീസ്തീയ ജീവിതത്തിൽ വിലമതിക്കാനാവാത്ത ഒരു സ്വഭാവ ഗുണമാണ്. ദുഷ്ടന്റെ തീയമ്പുകൾ തറയ്ക്കാതെ മനസ്സിനെ മാറ്റാൻ കഴിയുന്നത് സഹനം കൊണ്ടാണ്. കഷ്ടതകൾകൊണ്ട് വീർപ്പുമുട്ടുമ്പോൾ, നിരാശകൊണ്ട് മനസ്സ് തകരുമ്പോൾ പിടിച്ചുനിൽക്കാൻ കഴിയുന്നത് സഹനം കൊണ്ടാണ്. പൂർവ്വ പിതാക്കന്മാർ അതികഠിനമായ പീഡനങ്ങളേയും കഷ്ടതകളേയും നേരിട്ടത്



സഹനം കൊണ്ടാണ്. ഇതിന് അനേക ഉദാഹരണങ്ങൾ വിശുദ്ധ വേദപുസ്തകത്തിലുണ്ട്.

ഞാൻ എന്റെ ജീവിതത്തിലോട്ട് പുറകോട്ട് നോക്കിയാൽ, ഒന്നര വയസ്സുമുതൽ ഇന്നേ വരെ അനുഭവിച്ച, അനുഭവിക്കുന്ന കഷ്ടതകളുടെ എണ്ണിയാൽ തീരാത്ത ഒരു പരമ്പരയെയാണ് കാണുന്നത്. പക്ഷേ ഒരിക്കലും ഞാൻ തളർന്നുപോയില്ല. കാരണം ഈ വേദനകളെ അതിജീവിക്കാനും, സഹിക്കാനും എന്റെ മനസ്സ് വളർന്നു കഴിഞ്ഞിരിക്കുന്നു.



## അഞ്ചാം ഘട്ടം

സഹനം ലഭിച്ച ക്രിസ്ത്യാനിക്കു മാത്രമേ യേശുകർത്താവ് അനുഭവിച്ച പീഡനങ്ങളുടെ വ്യാപ്തി മനസ്സിലാക്കാൻ കഴിയുകയുള്ളൂ. സഹനം ലഭിച്ച വ്യക്തിക്കു മാത്രമേ ദൈവസ്നേഹത്തിന്റെ മാഹാത്മ്യം മനസ്സിലാക്കാൻ കഴിയുകയുള്ളൂ. സ്രഷ്ടാവിന്റെ സ്നേഹം!. കാൽവറി കുരിശിലെ ദൈവ സ്നേഹം!. സഹനം കൊണ്ടു മത്രമേ ദൈവസ്നേഹത്തെ അളക്കാൻ കഴിയുകയുള്ളൂ.

ദൈവത്തെ, ദൈവസ്നേഹത്തെ പൂർണ്ണമായി അറിഞ്ഞെങ്കിൽ മാത്രമേ യഥാർത്ഥ ജ്ഞാനം ഉദിക്കുകയുള്ളൂ. "യഹോവാ ഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു" (സദൃശവാക്യങ്ങൾ1:7). ജ്ഞാനം ലഭിച്ച വ്യക്തി ദൈവസ്നേഹത്തെ പൂർണ്ണമായി ഉൾക്കൊള്ളുന്ന വ്യക്തിയും, ദൈവത്തിനു പൂർണ്ണമായി വിധേയപ്പെട്ട വ്യക്തിയുമാണ്. എന്നാൽ ഇന്ന് നാം കാണുന്ന ജ്ഞാനം മിക്കപ്പോഴും നേരെ വിപരീതമാണ്. ദൈവത്തെ അറിയാത്ത ജാഞാനം. അടിസ്ഥാനം ഇല്ലാത്ത ജ്ഞാനം. ദൈവ വചനത്തിൽക്കൂടി, ദൈവസ്നേഹത്തിൽക്കൂടി, പരിശുദ്ധാത്മാവിൽക്കൂടി, സകല ശാസ്ത്രങ്ങളുടെയും അന്ത:സത്തയിലേക്ക് കടന്നു ചെല്ലാം. ചുരുക്കി പറഞ്ഞാൽ പരിശുദ്ധാത്മാവാണ് എല്ലാ അറിവുകളുടേയും ഉറവിടം. "ആത്മാവ് സകലത്തേയും ദൈവത്തിന്റെ ആഴങ്ങളേയും ആരായുന്നു"(1 കൊരിന്ത്യർ 2:10). പരിശുദ്ധാത്മാവിൽക്കൂടി ദൈവത്തിന്റ നിഗൂഢതകൾപോലും ക്രിസ്ത്യാനിക്ക് വെളിപ്പെടുന്നു.

ആയിരത്തിതൊള്ളായിരത്തി എഴുപത്തി ഒമ്പതിൽ ഞാൻ കറ്റാനത്ത് ജോലി ചെയ്യുന്ന സമയത്ത് നടന്ന ഒരു സംഭവം അനാവരണം ചെയ്യട്ടെ. എന്റെ കൺസൽറ്റിംഗ് മുറിയിൽ സ്ട്രച്ചറിൽ ആസന്നമരണയായ ഒരു സ്ത്രീയെ കൊണ്ടുവന്നു. ഒറ്റനോട്ടത്തിൽ തന്നെ അവർ ഏതു നിമി

ഷവും മരണപ്പെടുമെന്ന് അറിയാം. അവരുടെ കഥ ഇതാണ്.

അവർ നിരണത്ത് നാലാം വേലിയിൽ കുഞ്ഞുമോളാണ്. വയസ്സ് മുപ്പത്തിരണ്ട്. ആറുമാസക്കാലത്തെ ചികിത്സയ്ക്ക് ഒടുവിലാണ് എന്റെ അടുത്ത് എത്തിയത്. കേരളത്തിലെ പല പ്രമുഖ ആശുപത്രികളിൽ ചികിത്സിച്ചു. അവസാനം കേരളത്തിലെ പ്രമുഖ മെഡിക്കൽ കോളേജിൽ മൂന്നുമാസക്കാലം ചികിത്സിച്ചു. പക്ഷേ ഫലം ഒന്നുമില്ല. രോഗം എന്താണെന്ന് ആർക്കും മനസ്സിലായില്ല. കുഞ്ഞുമോൾ വയറിന്റെ ശസ്ത്രക്രിയയ്ക്കു വിധേയയായി. പക്ഷേ യാതൊരു വിശേഷവും ഇല്ല. ഒരു കാര്യം മാത്രം ഡോക്ടർമാർ അറിഞ്ഞു കുഞ്ഞുമോളുടെ കരളിലെ പിത്തക്കുഴലുകളെല്ലാം അടഞ്ഞിരിക്കുകയാണ്. മെഡിക്കൽ കോളേജിലെ പ്രധാന ഡോക്ടർ കുഞ്ഞുമോളുടെ ഭർത്താവിനോട് പറഞ്ഞു. "വൈദ്യശാസ്ത്രം നിങ്ങളുടെ ഭാര്യയെ രക്ഷപെടുത്താൻ വളർന്നിട്ടില്ല. വീട്ടിൽ കൊണ്ടുപൊയ്ക്കോളൂ."

ആശയ്ക്ക് അതിരില്ലല്ലോ. കുഞ്ഞുമോളെ തമിഴ്നാട്ടിലെ ഒരു പ്രമുഖ മിഷ്യൻ ഹോസ്പിറ്റലിൽ ചികിത്സിച്ചു. ദിനംപ്രതി രോഗം ഗുരുതരമായിക്കൊണ്ടിരിന്നു. അവസാനം കുഞ്ഞുമോൾ എന്റെ മുമ്പിൽ എത്തി. ഞാൻ കുഞ്ഞുമോളെ പരിശോധിച്ചുകൊണ്ടിരുന്നപ്പോൾ ആത്മാവ് എന്നോടു സംസാരിച്ചു. "കുഞ്ഞുമോൾക്ക് അപൂർവ്വരോഗമായ 'പ്രൈമറി കൊളഞ്ചൈറ്റിസ്' ആണെന്ന്." പക്ഷേ ഈ രോഗത്തിന് കാരണം എന്തെന്നോ അതിന് ചികിത്സ എന്തെന്നോ വൈദ്യശാസ്ത്രത്തിന് അജ്ഞാതമായിരുന്നു. വീണ്ടും ആത്മാവ് എന്നോടു സംസാരിച്ചു. "ഇത് അനറോബിക് ബാക്ടീരിയ എന്ന രോഗാണുകൊണ്ടാണെന്നും അതിനു ചികിത്സയായി മെട്രോനിഡസോൾ എന്ന മരുന്ന് കൊടുക്കണമെന്നും." ചികിത്സ തുടങ്ങി. അത്ഭുതമെന്നു പറയട്ടെ. കുഞ്ഞുമോൾക്ക് അത്ഭുതകരമായ സൗഖ്യം ലഭിച്ചു. കുഞ്ഞുമോൾ ഇരുപത് വർഷക്കാലം ആരോഗ്യവതിയായി ജീവിച്ചു. 1983-ൽ 'ജിമ' എന്ന നാഷണൽ മെഡിക്കൽ ജേർണലിൽ ഞാൻ ഈ വിവരം പ്രസിദ്ധീകരിച്ചു. യൂറോപ്പിലേയും അമേരിക്കയിലേയും വിദഗ്ധ ഡോക്ടർമാർ എന്റെ നിഗമനങ്ങളെ പ്രശംസിച്ചു.

മുപ്പത് വർഷങ്ങൾക്ക് ശേഷം, 2013-ൽ പ്രശസ്തമായ അമേരിക്കയിലെ മെയോക്ലിനിക്കിലെ ഭിഷഗ്വരന്മാർ നടത്തിയ പഠനം തെളിയിച്ചത് മെട്രോനിഡസോൾ 'പ്രൈമറി

കൊളഞ്ചൈറ്റിസിന്റെ' ഭാഗമായ 'പ്രൈമറി സ്കിളറോസിങ്ങ് കൊളഞ്ചൈറ്റിസിന്' ഫലപ്രദമാണെന്ന്. അവർ ഈ പഠനം പ്രശസ്തമായ 'അലിമന്ററി ഫർമകോളജി ആൻഡ് തോറാപ്യൂട്ടിക്സ്' എന്ന അന്തർദേശീയ മെഡിക്കൽ ജേർണലിൽ പ്രസിദ്ധീകരിച്ചു. ഈ പഠനം എന്റെ നിഗമനങ്ങളെ ശരിവെയ്ക്കുന്നതാണ്. ശരിയായി പറഞ്ഞാൽ പരിശുദ്ധാത്മാവ് എനിക്കു പറഞ്ഞു തന്ന സത്യം സ്ഥിരീകരിക്കാൻ ശാസ്ത്രത്തിന് മുപ്പത് വർഷങ്ങൾ വേണ്ടിവന്നു. ഇതുപോലെ നിരവധി സംഭവങ്ങൾ എനിക്ക് രേഖപ്പെടുത്താനുണ്ട്.



# ആറാം ഘട്ടം

ജ്ഞാനം ഉദിക്കുമ്പോൾ ക്രിസ്ത്യാനിയിൽ ഒരു മഹാ സംഭവം ഉണ്ടാകുന്നു. ഒന്നാം ഘട്ടത്തിൽ ക്രിസ്ത്യാനിക്കുണ്ടായ 'യേശുകർത്താവ് സമീപസ്ഥൻ' എന്ന ഉൾബോധം ബലപ്പെട്ട് ആറാം ഘട്ടത്തിൽ നാഥൻ തന്നോടുകൂടെയുണ്ട് എന്ന് അയാൾ അറിയുന്നു. അയാൾ വീണ്ടും അറിയുന്നു, യേശുകർത്താവ് തന്റെ പിറകിൽ നിന്ന് താൻ വീഴാതെ താങ്ങുന്നു. നാഥൻ തന്റെ മുമ്പിൽ ഒരു വഴികാട്ടിയായി, കെടാവിളക്കായി തന്നെ നയിക്കുന്നു. ഇത് മൃദുലമായ ദൈവിക വികാരങ്ങളുടെ ഒരു സംഗമമാണ്. ഇത് അനന്യൂതം ക്രിസ്ത്യാനിയുടെ ഉള്ളിന്റെ ഉള്ളറയിൽ നിന്ന് വെളിയിലേക്ക് വമിക്കുന്നു. ഇതാണ് 'പ്രത്യാശ.'

ഇതിന്റെ മാധുര്യം, ഇതു നൽകുന്ന ആശ്വാസം മനുഷ്യ ചിന്തകൾക്ക് അതീതമാണ്. ഇത് ക്രിസ്ത്യാനിയെ കഷ്ടതകളുടെ നടുവിൽ നിന്ന്, നിരാശയുടെ ആഴത്തിൽ നിന്ന്, മുമ്പോട്ട് നയിക്കുന്നു. ഒരു നല്ലനാളെ അയാൾ സ്വപ്നം കാണുന്നു. 'ക്രിസ്തുവിനോടുകൂടെ പറുദീസായിൽ ഇരിക്കുന്നു.'

ഒന്നരവയസ്സിൽ ഞാൻ പോളിയോ രോഗത്തിന് അടിമയായി. രോഗം അതീവ ഗുരുതരമായിരുന്നു. ഞാൻ ജീവിക്കില്ലായെന്നു വൈദ്യശാസ്ത്രം വിധിയെഴുതി. എന്റെ പിതാവിനും മാതാവിനും കാത്തിരിപ്പിനുശേഷം ജനിച്ച പുത്രനായിരുന്നു ഞാൻ. ദുഃഖത്തിന്റെ കാഠിന്യത്താൽ എന്റെ മാതാവ് തളർന്നു വീണില്ല. അവർ എന്നോട് പിൽക്കാലത്ത് പറഞ്ഞിരുന്നു. "എനിക്ക് പ്രത്യാശയുണ്ടായിരുന്നു. അത് എന്നെ മുന്നോട്ട് നയിച്ചു. ദൈവം എനിക്ക് ഉറപ്പു തന്നിരുന്നു. എന്റെ മകന് സൗഖ്യം കിട്ടുമെന്ന്."



# ഏഴാം ഘട്ടം

ക്രിസ്ത്യാനി നിരന്തരമായ ശുദ്ധീകരണ പ്രക്രിയ യിൽകൂടി കടന്നുകഴിയുമ്പോൾ, കുരിശിന്റെ അനുഭവ ത്തിൽക്കൂടി കടന്നു കഴിയുമ്പോൾ, ഒന്നാം ഘട്ടത്തിൽ രൂപംകൊണ്ട ക്രിസ്തുവിലുള്ള വിശ്വാസം ബലപ്പെട്ട്, ബല പ്പെട്ട് ഏഴാം ഘട്ടത്തിൽ എത്തുമ്പോൾ അത് പൂർണ്ണത യിൽ എത്തുന്നു. ഈ വിശ്വാസമാണ് ക്രിസ്തു നമ്മിൽ നിന്ന് ആഗ്രഹിക്കുന്നത്. എന്നാൽ നമ്മിൽ ഭൂരിഭാഗം പേരു ടേയും വിശ്വാസം അപൂർണ്ണമാണ്. വലിച്ചാൽ പൊട്ടുന്നത്! തന്മൂലം എന്താണ് സംഭവിക്കുന്നത് ? പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കുന്നില്ല.

"ദൈവത്തിൽ വിശ്വാസമുള്ളവർ ആയിരിപ്പിൻ. ആരെ ങ്കിലും തന്റെ ഹൃദയത്തിൽ സംശയിക്കാതെ താൻ പറ യുന്നത് സംഭവിക്കും എന്ന് വിശ്വസിച്ചും കൊണ്ട് ഈ മലയോടു: നീ നീങ്ങി കടലിൽ ചാടിപ്പോകൂ എന്നു പറ ഞ്ഞാൽ അവൻ പറഞ്ഞതുപോലെ സംഭവിക്കും എന്ന് ഞാൻ സത്യമായിട്ടും നിങ്ങളോടു പറയുന്നു. (മാർക്കോസ് 11: 22,33)." വിശ്വാസം കൊണ്ട് രോഗശാന്തി കിട്ടിയ അ നേകം സംഭവങ്ങൾ ഉണ്ട്. പക്ഷേ ഒരു കാര്യം എല്ലാവരും മനസ്സിലക്കണം. മരുന്ന് ദൈവത്തിന്റെ ദാനമാണ്. ദൈവം മരുന്നിൽക്കൂടിയുമാണ് പ്രവർത്തിക്കുന്നത്. അതുകൊണ്ട് മരുന്ന് ഉപേക്ഷിക്കുന്നത് വിഢിത്തമാണ്. ദൈവത്താൽ അസാദ്ധ്യമായത് ഒന്നുമില്ല.



## എട്ടാം ഘട്ടം

ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം അതിപ്രധാനമായ ഒരു ഘട്ടമാണിത്. ക്രിസ്തുവിലുള്ള വിശ്വാസം അതിന്റെ പൂർണ്ണതയിലെത്തുമ്പോൾ, ക്രിസ്ത്യനിയിൽ നിന്നും ഈ ലോകത്തോടും ലോകത്തിലുള്ളതിനോടുമുള്ള മോഹങ്ങളും ആസക്തിയും പൂർണ്ണമായി വേർപെട്ടുമാറുന്നു. ആത്മീയമായി അയാളുടെ ശരീരവും പഞ്ചേന്ദ്രിയങ്ങളും ഒരു വിലയില്ലാത്തതായി മാറുന്നു. ഇതാണ് 'വേർപാട്'. അയാൾക്ക് എല്ലാം തന്റെ യേശു മാത്രം! പൌലോസ് അപ്പൊസ്തലൻ പറഞ്ഞതുപോലെ അയാളുടെ ജഡവും, ജഡമോഹങ്ങളും ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നത് ക്രിസ്തു മാത്രം. എല്ലാം എല്ലാം യേശു മാത്രമാണെന്ന ഉൾബോധം അയാളിൽ നിറയുന്നു.

എഴാം ഘട്ടത്തിൽ എത്തിയ വ്യക്തി തന്റെ അന്തരാത്മാവാണ് തന്നെ നിയന്ത്രിക്കുന്നത് എന്ന് അറിയുമ്പോൾ, അയാളുടെ ശരീരവും, പഞ്ചേന്ദ്രിയങ്ങളും ഈ ലോകത്തിൽ ജീവിക്കാൻ മാത്രമുള്ള അവയവങ്ങളായി മാറുന്നു. ഇത് ഒരു പച്ചപ്പരമാർത്ഥം തന്നെയാണ്.



# ഒമ്പതാം ഘട്ടം

*ഈ ഘട്ടത്തിന് രണ്ടു ഭാഗങ്ങളുണ്ട്.*

**ഒന്നാം ഭാഗം**

ലോകത്തോടും ലോകത്തിലുള്ളതിനോടുമുള്ള ആസക്തികൾ മാറ്റപ്പെടുമ്പോൾ ക്രിസ്ത്യാനിയുടെ അന്തരിന്ദ്രിയങ്ങൾ തുറക്കപ്പെടുന്നു. ഇത്രയും നാൾ അവ ജഡമോഹങ്ങൾകൊണ്ടും ലൗകിക ആസക്തികൾ കൊണ്ടും അടഞ്ഞിരിക്കുകയായിരുന്നു. ഇനിയും ക്രിസ്ത്യാനി കാണുകയും കേൾക്കുകയും ചെയ്യുന്നത് അന്തരിന്ദ്രിയങ്ങളിലൂടെയാണ്. ഇതാണ് ദർശനം (Vision). ക്രിസ്ത്യാനി അന്തരിന്ദ്രിയങ്ങളിൽക്കൂടി ദൈവത്തെയും, ദൈവരാജ്യത്തെയും അനുഭവിച്ച്, രുചിച്ച് അറിയുന്നു. മണക്കുന്നു, കാണുന്നു, കേൾക്കുന്നു, സ്പർശിക്കുന്നു, രുചിക്കുന്നു. നമ്മുടെ പൂർവ്വ പിതാക്കന്മാർക്ക് ലഭിച്ച ഈ ദർശനങ്ങൾ ഇന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്.

**രണ്ടാം ഭാഗം**

ലോകവും ലോകത്തിലുള്ളതിനോടുമുള്ള ആസക്തി മാറ്റപ്പെടുമ്പോൾ ക്രിസ്ത്യാനിയുടെ ഉള്ളിന്റെ ഉള്ളിൽ നിർജ്ജീവമായി കിടക്കുന്ന, നിയന്ത്രിക്കാൻ കഴിയാതെ കിടക്കുന്ന അന്തരാത്മാവിന് ജീവൻ വച്ചു തുടങ്ങുന്നു. ഇത്രയും നാൾ ലോകവും, ലോകത്തിനുള്ളതിനോടുള്ള ആസക്തിയുടെ സമ്മർദ്ദവും, ബാഹുല്യവും മൂലമാണ് അത് നിർജ്ജീവമായിത്തീർന്നത്. ഇപ്പോൾ ആത്മാവിന് ശ്വാസം കിട്ടുന്നു. അത് നീണ്ടുനിന്ന ബന്ധനത്തിൽ നിന്ന് സ്വതന്ത്രമാകുന്നു. അധികം താമസിക്കാതെ ആത്മാവ് ക്രിസ്ത്യാനിയുടെ നിയന്ത്രണം ഏറ്റെടുക്കുന്നു. ക്രിസ്ത്യാനി വീണ്ടും ഏദൻ തോട്ടത്തിലെ അനുഭവത്തിൽ എത്തുന്നു. ഇനിയും ജീവിക്കുന്നത് ഞാനല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നതു എന്ന് പൌലൊസ് അപ്പൊസ്ത

ലൻ പറഞ്ഞതുപോലെ ക്രിസ്തുവിനാൽ പരിപൂർണ്ണമായി നിയന്ത്രിക്കപ്പെട്ട ജീവിതം. ഇനിയും ക്രിസ്ത്യാനിക്ക് ഒരു കർമ്മം മത്രമേഉള്ളൂ. ക്രിസ്തുവിനെ അനുധാവനം ചെയ്യുക!.

## പത്താം ഘട്ടം

സ്വതന്ത്രമായ ആത്മാവ് നിമിഷങ്ങൾക്കകം ക്രിസ്തുവുമായി പറ്റിച്ചേരുന്നു. വിശ്വാസി ക്രിസ്തുവിന്റെ ഭാഗമായിത്തീരുന്നു. "കർത്താവിനോടു പറ്റിച്ചേരുന്നവനൊ അവനുമായി ഏകാത്മാവുമാകുന്നു"(1 കൊരിന്ത്യർ 6:17). ഇതാണ് മാനസാന്തരത്തിന്റെ, രക്ഷയുടെ അന്ത്യം. പാപിയായവൻ മാനസാന്തരത്തിൽക്കൂടി രക്ഷിക്കപ്പെട്ട് ക്രിസ്തുവിന്റെ ഭാഗമായിത്തീരുന്നു. ഇതിൽപരം സന്തോഷം വേറെ എന്തുണ്ട്?. എത്ര വലിയ ദൈവസ്നേഹം!. വിശ്വാസി ക്രിസ്തുവിൽ നിത്യആനന്ദവും, നിത്യസമാധാനവും അനുഭവിക്കുന്നു. ഇത് നിത്യജീവന്റെ ആരംഭമാണ്. ഇതിന്റെ മഹത്വം മനുഷ്യ ചിന്തകൾക്കും ബുദ്ധിക്കും അതീതമാണ്. ഇന്ന് ഈ ലോകത്തിന്റെ പിമ്പേ പായുന്ന മനുഷ്യൻ, ഈ ലോകത്തെ വെട്ടിപ്പിടിക്കാൻ സദാ പരിശ്രമിക്കുന്ന വ്യക്തി ഈ യാഥാർത്ഥ്യം അറിയണം.

ഈ മാനസാന്തരത്തിലെ ആത്മീയ പ്രവർത്തനങ്ങൾക്ക് ബുദ്ധിയോ ഉയർന്ന വിദ്യാഭ്യാസമോ ഒന്നും വേണ്ട. ഒന്നുമാത്രം മതി. യേശുകർത്താവിന് പൂർണ്ണമായി കീഴ്പ്പെട്ടിട്ട്, നാഥൻ ഉള്ളത്തിൽ വസിക്കാൻ ക്രിസ്ത്യാനി സദാ പരിശ്രമിക്കുക. അതിനുവേണ്ടി 'കണ്ണുകളിൽ എണ്ണ ഒഴിച്ച് 'കാത്തിരിക്കണം. "യാചിപ്പിൻ എന്നാൽ നിങ്ങൾക്ക് കിട്ടും. അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറക്കും"(മത്തായി 7:7). മാനസാന്തരത്തിലെ ഈ ആത്മീയ രാസപ്രവർത്തനങ്ങളിൽ കൂടി ക്രിസ്തുവുമായി ചേരുന്ന ഈ മഹാസംഭവമാണ് ഈ ലോകജീവിതത്തിന്റെ ഉദ്ദേശ്യം എന്ന് എല്ലാവരും മനസ്സിലാക്കണം. നശ്വരമായ ഈ ലോകത്തെ വെട്ടിപ്പിടിക്കാൻ പോകുന്നവന് ഈ മഹാസംഭവത്തിൽ പങ്കുചേരുവാൻ കഴിയില്ല. മാനസാന്തരത്തിലെ ഈ ആത്മീയ രാസപ്രവർത്തനങ്ങളിൽക്കൂടി മനുഷ്യൻ ഒരു പുതിയ സൃഷ്ടിയായിത്തീരുന്നു.



# പുതിയ സൃഷ്ടി

മാനസാന്തരത്തിൽക്കൂടി രക്ഷിക്കപ്പെട്ട് പുതിയ സൃഷ്ടിയായിത്തീർന്ന ക്രിസ്ത്യാനിയുടെ മൂല്യങ്ങൾ എന്തെല്ലാം ?. ക്രിസ്തുവിനോട് ചേർന്ന് ജീവിക്കുന്ന ഈ വ്യക്തിയുടെ സ്വഭാവ വിശേഷങ്ങൾ എന്തെല്ലാം?. ആത്മാവിന്റെ പൂർണ്ണനിയന്ത്രണത്തിൽ ജീവിക്കുന്ന ഈ വ്യക്തി പ്രായോഗിക തലത്തിൽ എങ്ങനെ ജീവിക്കുന്നു?.

പ്രായോഗികമായിനോക്കിയാൽ, ഈ വ്യക്തിക്ക് തന്റെ മനസ്സാക്ഷിയുടെ അഥവാ മനനേന്ദ്രിയത്തിന്റെ പൂർണ്ണനിയന്ത്രണത്തിൽ ജീവിക്കാൻ കഴിയുന്നു എന്നതാണ് സത്യം. മനസ്സാക്ഷിക്ക് എതിരായി ഒന്നും ചെയ്യാനോ ചിന്തിക്കാനോ അയാൾക്ക് കഴിയുന്നില്ല. എന്താണ് മനസ്സാക്ഷി? ഇത് ദൈവത്തിന്റെ ആത്മാവ് തന്നെയാണ്. മനസ്സാക്ഷിയുടെ നിയന്ത്രണത്തിന് വിധേയമായി ജീവിക്കാൻ കഴിയാത്തവരാണ് ഇന്നുള്ള ബഹുഭൂരിഭാഗം പേരും. ഇവർക്ക് എപ്പോഴും 'മനസ്സാക്ഷിക്കുത്ത്'അനുഭവപ്പെടുന്നു. 'മനസ്സാക്ഷികുത്ത്' എന്നു പറയുന്നത്, തെറ്റുചെയ്തതിലുള്ള പശ്ചാത്താപം ആണ്. ഇത് നിരന്തരം അവരെ നേരായ വഴിയിൽക്കൂടി നടക്കാൻ പ്രേരിപ്പിക്കുന്നു. എന്നാൽ ചില വ്യക്തികൾക്ക് 'മനസ്സാക്ഷി കുത്ത്' ഇല്ല. കാരണം, ജഡമോഹങ്ങളുടേയും ലൗകിക ആസക്തിയുടേയും ബാഹുല്യം കൊണ്ടും, സമ്മർദ്ദം കൊണ്ടും അവരുടെ മനസാക്ഷി മരവിച്ചിരിക്കുകയാണ്. അത് നിർജ്ജീവമാണ്. മനസ്സാക്ഷിയുടെ നിയന്ത്രണം ഇല്ലാത്തതുകൊണ്ട് അവർക്ക് ഏത് നീചപ്രവൃത്തികൾ ചെയ്യാനും യാതൊരു മടിയുമില്ല. തിന്മകൾ ചെയ്യാൻ അവർക്ക് ആവേശമാണ്. ഇതാണ് ഇന്ന് അധാർമ്മികതകൾ പെരുകുന്നതിന് കാരണം.

എന്നാൽ ക്രിസ്തുവിൽ പുതിയ സൃഷ്ടിയായവരുടെ അടിസ്ഥാനം കുരിശാണ്. കുരിശിൽക്കൂടി അവർ ശുദ്ധീ

കരിക്കപ്പെട്ടിരിക്കുകയാണല്ലോ. കുരിശിന്റെ മുകളിലത്തെ തലയിൽക്കൂടി മുകളിലേക്കും താഴേക്കും രണ്ടും പ്രക്രിയ കൾ നടക്കുന്നു. മുകളിലേക്കുള്ള പ്രക്രിയയിൽക്കൂടി ക്രിസ്ത്യാനി ക്രിസ്തുവിനെ സ്നേഹിക്കുന്നു. എങ്ങനെ സ്നേഹിക്കുന്നു?. ഈ ലോകത്തിലുള്ള എല്ലാറ്റിനെക്കാൾ അധികമായി അയാൾ ക്രിസ്തുവിനെ സ്നേഹിക്കുന്നു. രക്തബന്ധങ്ങളേക്കാൾ അധികം, കൂട്ടുകാരേക്കാൾ അധി കം, സമ്പത്തിനേക്കാൾ അധികം, അധികാരപദവികളെ ക്കാൾ അധികം.....ക്രിസ്തുവിനെ സ്നേഹിക്കാൻ കഴിയു ന്നു. ഇതിനു കഴിയുന്നില്ലെങ്കിൽ നമ്മുടെ മാനസാന്തരം പൂർണ്ണമല്ല. കുരിശിന്റെ മുകളിലത്തെ തലയിൽ നിന്നും താഴേക്കു വരുന്ന പ്രക്രിയ എന്താണ്? അത്, നാം ക്രിസ്തു വിനെ സ്നേഹിക്കുന്നതിനേക്കാൾ വളരെ അധികം മടങ്ങ് ദൈവസ്നേഹം തിരിച്ച് കുരിശിന്റെ മുകളിലത്തെ തല യിൽക്കൂടി നമ്മിലേക്ക് പ്രവഹിക്കുന്നു.

ഈ ദൈവസ്നേഹം നമുക്ക് നമ്മിൽ കെട്ടിനിർത്താൻ കഴിയുകയില്ല. അത് കുരിശിന്റെ രണ്ട് കൈകളിൽക്കൂടി മറ്റുള്ളവരിലേക്ക് പ്രവഹിക്കണം. “സ്നേഹം ദീർഘമായി ക്ഷമിക്കുകയും ദയകാണിക്കുകയും ചെയ്യുന്നു. സ്നേഹം സ്പർദ്ധിക്കുന്നില്ല; സ്നേഹം നിഗളിക്കുന്നില്ല, ചീർക്കു ന്നില്ല. സ്വാർത്ഥം അന്വേഷിക്കുന്നില്ല, ദേഷ്യപ്പെടുന്നില്ല, ദോഷം കണക്കിടുന്നില്ല”(1 കൊരിന്ത്യർ 13:4,5). രക്ഷിക്ക പ്പെട്ടവൻ മറ്റുള്ളവരെ സ്നേഹിക്കയല്ല ചെയ്യുന്നത്; പകരം അയാളിലേക്ക് മുകളിൽ നിന്ന ലഭിച്ച ദൈവ സ്നേഹം, മറ്റുള്ളവരിലേക്ക് പകരുകയാണ്. കുരിശിന്റെ കാലിലൂടെ ഈ ദൈവസ്നേഹം ഭൂമിയിലേക്കും ഭൂതലത്തിലേക്കും പ്രവഹിക്കണം. അങ്ങനെ ഈ ലോകം ആദിയിലെ ഏദൻ തോട്ടമായി തീരണം.

അങ്ങനെ പൂർണ്ണമായി രക്ഷിക്കപ്പെട്ട വ്യക്തിയുടെ ഏറ്റവും വലിയ സ്വഭാവ ഗുണം ഈ ദൈവസ്നേഹമാണ്. ജഡമോഹങ്ങളും ആസക്തികളും മാറ്റപ്പെട്ടതുകൊണ്ട് ദുഃഖവും നിരാശയും ആ വ്യക്തിയിൽ നിന്ന് മാറ്റപ്പെട്ടിരി ക്കുന്നു. ലോകവും ലോകത്തിലുള്ളതിനോടുള്ള മോഹ ങ്ങളും മാറ്റപ്പെട്ടതുകൊണ്ട് അയാൾ നിത്യസന്തോഷ ത്തിനും സമാധാനത്തിനും ഉടമയാകുന്നു. “സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചു പോകുന്നു. എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു. ലോകം തരുന്നതുപോലെ യല്ല ഞാൻ നിങ്ങൾക്കു തരുന്നത്” (യോഹന്നാൻ 14:21).

പൂർണ്ണമായി രക്ഷിക്കപ്പെട്ട് വ്യക്തി ചെന്നെത്തുന്നത് ഒന്നുമില്ലായ്മയിലാണ്. തന്റെ എല്ലാം യേശു മാത്രമാണെന്നും തനിക്ക് തന്റേതായി ഒന്നുമില്ലായെന്നും അയാൾ അറിയുന്നു. ഈ വ്യക്തിയുടെ ഏറ്റവും വലിയ പ്രത്യേകത താഴ്മയാണ്. അയാൾ 'സാധാരണക്കാരിൽ സാധാരണക്കാരനായി 'മാറുന്നു. തന്റെ ശരീരവും പഞ്ചേന്ദ്രിയങ്ങളും ആത്മീയമായി വേർപെട്ട് മാറിയതുകൊണ്ട് അയാൾക്ക് തന്റെ ഇന്ദ്രിയങ്ങളെ പൂർണ്ണമായി നിയന്ത്രിക്കാൻ കഴിയുന്നു. ഇതാണ് 'ഇന്ദ്രിയജയം'. ലോകത്തിലുള്ളതിനോടുള്ള സകല ആസക്തിയും മോഹങ്ങളും മാറ്റപ്പെടുകയും, തന്നിൽ നിറഞ്ഞുനിൽക്കുന്നത് യേശു മാത്രമാണെന്ന ബോധം കൊണ്ടും, രക്ഷിക്കപ്പെട്ട വ്യക്തി സർവ്വ സത്ഗുണങ്ങളുടേയും ഉറവിടമായി മാറുന്നു. സൗമ്യത, പരോപകാരം, ദയ തുടങ്ങിയ ഗുണങ്ങൾ അയാളിൽ പുഷ്പിക്കുന്നു. ഈ ലോകത്തിന്റെ പ്രൗഢി അയാൾക്ക് ഒരു വിലയും ഇല്ലാത്തതായിത്തീർന്നു കഴിഞ്ഞു. "ആത്മാവിന്റെ ഫലമൊ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം"(ഗലാത്യർ 5:22,23). അയാൾ പറയുന്നു "എനിക്ക് എല്ലാം എന്റെ യേശു മാത്രം."

❐❐